# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2357 09.12.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം

| | | |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം എത്രയാണ്; | നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട റവന്യൂ വരുമാനം 64842.35 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഒക്ടോബർ 31 വരെയുള്ള വരുമാനം 30921.58 കോടി രൂപയാണ്. |
| (ബി) | നാളിതുവരെ എത്ര തുകയാണ് ലഭ്യമായത് ; | |
| (സി) | ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | ലക്ഷ്യമിട്ട റവന്യൂ വരുമാനം കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തുവാനും, നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും, നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും, ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുള്ള ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, സിഗരറ്റ് എന്നിവ |

| | | |
|---|---|---|
| | | യുടെ നികുതി, ഭൂ നികുതി, പ്ലാന്റേഷൻ നികുതി, മോട്ടോർ വാഹന നികുതി എന്നിവ നികുതികൾ പരിഷ്ക്കരിച്ചിട്ടുണ്ട്. നികുതി യേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിലവി ലുള്ള ഫീസ്, സർവ്വീസ് ചാർജ് മുതലാ യവയുടെ നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ